**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1343** **21.03.2012 ലെ മറുപടിക്ക്**

**<u>ജെ.ഡി.സി. ഈവനിംഗ് ബാച്ച്</u>**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.സി.പി. മുഹമ്മദ്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) സഹകരണ വകുപ്പിൻ കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയൻ നടത്തിക്കൊണ്ടിരുന്നതും അടുത്ത കാലത്ത് നിർത്തലാക്കിയിരുന്നതുമായ ജെ.ഡി.സി. ഈവനിംഗ് ബാച്ച് പുനരാരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | എ) സായാഹ്നബാച്ചിന് പല പോരായ്മകളും ശ്രദ്ധയിൽ പെട്ടിതിനാൽ സായാഹ്നബാച്ച് പുനരാരംഭിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. |
| ബി) സഹകരണസംഘം ജിവനക്കാർ ശമ്പളവും ആനുകല്യങ്ങളും നഷ്ടപ്പെടുത്തി ലീവെടുത്ത് കൊണ്ട് ഡേ ബാച്ചിൽ തന്നെ പരിശീലനത്തിനു പോകണമെന്ന സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ നിലപാട് പുനഃപരിശോധിക്കുവാൻ ബന്ധപ്പെട്ട വർക്ക് നിർദ്ദേശം നൽകുമോ; | ബി) സഹകരണ സംഘങ്ങളിൽ ക്ലർക്ക് മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ സഹകരണ പരീക്ഷാ ബോർഡ് വഴി ജെ.ഡി.സി. യോഗ്യതയുള്ള ആളുകളെയാണ് നിയമിക്കുന്നത്. ഈ സാഹചര്യത്തിൽ നിലവിൽ നിർദ്ദേശം നൽകേണ്ടതിന്റെ ആവശ്യമില്ല. |
| സി) സഹകരണ സംഘം ജീവനക്കാർക്ക് ശമ്പളം നഷ്ടപ്പെടാതെ ജെ.ഡി.സി. പരിശീലനം നടത്തുന്നതിന് തിരുവനന്തപുരത്ത് ഈ വർഷം തന്നെ ഈവനിംഗ് ബാച്ച് ആരംഭിക്കുവാൻ നിർദ്ദേശം നൽകാമോ? | സി) ജെ.ഡി.സി. റഗുലർ കോഴ്സിന് സംഘം ജീവനക്കാർക്ക് നീക്കി വെച്ചിട്ടുള്ള സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ ഈവനിംഗ് കോഴ്സ് ആരംഭിക്കേണ്ടതിന്റെ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ